## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.897 — 25.01.2018-ൽ മറുപടിയ്ക്ക്

### വനത്തിനുള്ളിലെ തരിശുഭൂമികളിൽ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ.കെ.ഡി.പ്രസേനൻ<br>ശ്രീ.പി.ടി.എ.റഹീം<br>ശ്രീ.എം.സ്വരാജ് | | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) വനത്തിനുള്ളിലെ തരിശുഭൂമിയിൽ അക്കേഷ്യ, യൂക്കാലി, കാറ്റാടി, തേക്ക് തുടങ്ങിയ മരങ്ങൾ നട്ടുപിടിപ്പിക്കുന്നത് വനം വകുപ്പ് നിർത്തലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;<br>(ബി) എങ്കിൽ ഇവയ്ക്ക് പകരം ഏതെല്ലാം വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (എ) & (ബി) | വനത്തിനുള്ളിലെ തരിശുഭൂമിയിൽ അക്കേഷ്യ, യൂക്കാലി, കാറ്റാടി, തേക്ക് തുടങ്ങിയ മരങ്ങളൊന്നും തന്നെ വനം വകുപ്പ് നട്ടുപിടിപ്പിക്കുന്നില്ല. ഫലവൃക്ഷങ്ങൾ കൂടുതലായി നട്ടുപിടിപ്പിക്കാനാണ് വനം വകുപ്പ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) കാട്ടാന ഉൾപ്പെടെയുള്ള വന്യ മൃഗങ്ങൾ ഭക്ഷണവും വെള്ളവും ലഭിക്കാതെ നാട്ടിലിറങ്ങുന്നതു പരിഹരിക്കുന്നതിനായി വനത്തിനുള്ളിലെ തരിശുഭൂമികളിൽ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും വനത്തിലെ സ്വാഭാവിക നീരുറവകളും ജലാശയങ്ങളും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | വന്യജീവികൾക്ക് കാട്ടിനുള്ളിലെ ഭക്ഷ്യ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി വനത്തിനുള്ളിൽ ഒഴിഞ്ഞുകിടക്കുന്ന ഭാഗങ്ങളിൽ പ്ലാവ്, മാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും, മുള പോലുള്ള സസ്യങ്ങളും നട്ടുവളർത്തുന്നുണ്ട്. ചെക്കഡാമുകൾ കെട്ടി സ്വാഭാവിക നീരുറവകളും ജലാശയങ്ങളും സംരക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

Beena

സെക്ഷൻ ഓഫീസർ

8